(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ ഒഴിവുകൾ

190 [1770] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ താലൂക്കാസ്ഥാനത്തുള്ള സബ് രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരുടെ ഒഴിവു നികത്താത്തതുകാരണം കുടിക്കട സർട്ടിഫിക്കറ്റടക്കമുള്ള പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ ഒരു ഹെഡ് ക്ലാർക്കിന്റെ ഒഴിവുണ്ട്. സീനിയോരിറ്റി സംബന്ധമായി ബഹു: സുപ്രീം കോടതിയിലും, ബഹു: കേരള ഹൈക്കോടതിയിലും കേസുകൾ നിലവിലുള്ളതിനാലാണ് പ്രസ്തുത ഒഴിവ് നികത്താനാകാത്തത്. കോടതി തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

ഹരിയാലി പദ്ധതി

191 [1771] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഹരിയാലി പദ്ധതി നടപ്പാക്കുവാൻ സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നടപ്പാക്കുവാൻ നിശ്ചയിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അറിയിക്കുമോ;

(സി) തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ബ്ലോക്ക് തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് പ്രോജക്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly